(സി) സാംസ്ക്കാരികമായും കലാപരമായും ഉയർന്ന നിലവാരത്തിലുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും നല്ല ചിത്രങ്ങളെക്കുറിച്ച് ചർച്ചകളും സംവാദങ്ങളും സംഘടിപ്പിച്ച് മെച്ചപ്പെട്ട ചലച്ചിത്ര അവബോധം സൃഷ്ടിക്കുകയുമാണ് ഫിലിം സൊസൈറ്റികളുടെ പ്രവർത്തന മേഖല.

(ഡി) മെച്ചപ്പെട്ട നിലവാരമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും അവയെക്കുറിച്ചുള്ള ബോധം അംഗങ്ങളിലും സമൂഹത്തിലും വളർത്തുകയും ചെയ്യുക എന്നതാണ് ഫിലിം സൊസൈറ്റികൾ സ്വീകരിച്ചിട്ടുള്ള ലക്ഷ്യം.

(ഇ) സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണ്ണയത്തിൽ ഫിലിം സൊസൈറ്റികൾക്ക് നേരിട്ട് എന്തെങ്കിലും ചുമതല നൽകാൻ ഉദ്ദേശിച്ചിട്ടില്ല.

ലേബർ സ്ക്വാഡുകൾ

8 (*365) ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നിയമങ്ങളുടെ ശരിയായ പരിപാലനം ഉറപ്പുവരുത്തുവാൻ ലേബർ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ പ്രവർത്തനംമൂലം ഈ രംഗത്തുണ്ടായ പ്രയോജനങ്ങൾ എന്തൊക്കെയാണ് ;

(സി) തൊഴിലാളികൾക്ക് മിനിമംവേതനം ഉറപ്പാക്കുന്നതിന് സ്ക്വാഡുകൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ഡി) അന്യസംസ്ഥാനങ്ങളിൽ ജോലിക്ക് പോകുന്നവർക്ക് നിയമപരിരക്ഷ ഉറപ്പുവരുത്തുന്നതിനെപ്പറ്റി പഠിക്കാൻ രൂപീകരിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള)

(എ) തൊഴിൽ നിയമങ്ങളുടെ ശരിയായ പരിപാലനം ഉറപ്പുവരുത്തുവാൻ ലേബർ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസറും (എൻഫോഴ്സ്മെന്റ്) അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ചേർന്ന് സ്ക്വാഡ് രൂപീകരിച്ച് ആഴ്ചയിൽ രണ്ടുദിവസം 5-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ വിവിധ തൊഴിൽ നിയമങ്ങളനുസരിച്ച് പരിശോധന നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കാഡുകളായി പരിശോധന നടത്തുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സാന്നിദ്ധ്യത്തിൽതന്നെ അവരുടെ റിക്കാർഡുകൾ പരിശോധിക്കാൻ സാധിക്കുന്നു. കൂടാതെ ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിലായതിനാൽ പരിശോധനയുടെ കാര്യക്ഷമതയും വർദ്ധിക്കുന്നു.

(സി) സ്കാഡ് പരിശോധനാ വേളയിൽ മറ്റ് തൊഴിൽ നിയമങ്ങളോടൊപ്പം തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നുണ്ടോ എന്നതും ഉറപ്പുവരുത്താറുണ്ട്. മിനിമംവേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രോസീക്യൂഷനുവേണ്ടി നടപടി എടുക്കുകയും അതിൻമേൽ ക്ലെയിം പെറ്റിഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു.

(ഡി) ഉണ്ട്. റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ താഴെപറയുന്നവയാണ്.

1. അന്തർ സംസ്ഥാനമൈഗ്രന്റ് നിയമപ്രകാരം ലൈസൻസിംഗ് ഓഫീസറിൽ നിക്ഷിപ്തമായ അധികാരങ്ങൾ അതിന്റെ യഥാർത്ഥരൂപത്തിൽ വിനിയോഗിക്കാൻ നിർദ്ദേശം നൽകുക.
2. നിയമത്തിന്റെ സെക്ഷൻ 13 പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനവും മറ്റാനുകൂല്യങ്ങളും ഉറപ്പുവരുത്തുക.
3. നിയമത്തിന്റെ സെക്ഷൻ 12, 14, 15, 18 എന്നിവയിൽ അനുശാസിച്ചിട്ടുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
4. തൊഴിലാളികൾക്ക് മിനിമം വേതനം ആരോഗ്യകരമായ തൊഴിൽ സാഹചര്യം, മെഡിക്കൽ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
5. മറ്റ് സംസ്ഥാനങ്ങളിലെ ജോലിക്കിടയിൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്ന തൊഴിലാളികൾക്ക് ഇവരുടെ സംസ്ഥാന സർക്കാരുമായി ബന്ധപ്പെടാനുള്ള സൗകര്യം ഏർപ്പെടുത്തുക.

(ഇ) വിവിധ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകൾ ശരിയായി പരിപാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്കാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കാഡുകൾ മത്സ്യസംസ്കരണത്തിൽ അന്യസംസ്ഥാനങ്ങളിലെ മൽസ്യസംസ്കരണ ഫാക്ടറികളിലെ ജോലിക്കായി റിക്രൂട്ട് ചെയ്യപ്പെടുന്ന തൊഴിലാളികൾക്ക് ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് നിയമപ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും നിയമ പരിരക്ഷയും ഉറപ്പുവരുത്താൻ വേണ്ട പ്രത്യേക ഇൻസ്പെക്ഷനുകൾ നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly